**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** **12-02-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മൊയ്തു മൗലവി സ്മാരക നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മൊയ്തു മൗലവി സ്മാരകം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് മൊയ്തു മൗലവി സ്മാരക ദേശീയ സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം പുരാവസ്തുവകുപ്പിന്റെ കീഴിലുള്ള സ്ഥാപനമല്ല. ഇത് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയിലുള്ള മ്യൂസിയമാണ്. അതുകൊണ്ടുതന്നെ പ്രസ്തുത മ്യൂസിയം നവീകരിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ പുരാവസ്തു വകുപ്പ് മുഖാന്തിരം സ്വീകരിച്ചിട്ടില്ല. പ്രസ്തുത മ്യൂസിയം പുനഃസജ്ജീകരിക്കുന്ന വിഷയത്തിൽ ബഹു. പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് മന്ത്രിക്ക് ലഭ്യമായിരുന്ന ഒരു നിവേദനത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23.02.2022 ന് ഒരു യോഗം ചേരുകയും, മ്യൂസിയം പുരാവസ്തുവകുപ്പിന് കൈമാറുന്നതിനുള്ള സാധ്യത പരിശോധിച്ചറിയിക്കുവാൻ പി.ആർ.ഡി. ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് 08.08.2022 ൽ കോഴിക്കോട് കോർപ്പറേഷൻ മേയറുടെ ചേമ്പറിൽ ബഹു. എം.എൽ.എ. ശ്രീ. തോട്ടത്തിൽ രവീന്ദ്രന്റെ അധ്യക്ഷതയിലും, ബഹു. പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ മ്യൂസിയം കൈമാറ്റം സംബന്ധിച്ച വിഷയത്തിലെ അന്തിമതീരുമാനം 19.08.2022 ന് ചേരുന്ന മ്യൂസിയം മാനേജ്മെന്റ് കമ്മിറ്റിയിൽ കൈക്കൊള്ളാമെന്നും തീരുമാനിച്ചിരുന്നെങ്കിലും, പ്രസ്തുത യോഗത്തിൽ മ്യൂസിയം കൈമാറ്റം സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ബി) | കോഴിക്കോട് കോർപ്പറേഷനുമായി സഹകരിച്ച് മൊയ്തു മൗലവി സ്മാരകത്തിന്റെ നടത്തിപ്പും പരിപാലനവും കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് മൊയ്തു മൗലവി സ്മാരക ദേശീയ സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം പുരാവസ്തുവകുപ്പിന്റെ കീഴിലുള്ള സ്ഥാപനമല്ല. ഇത് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയിലുള്ള മ്യൂസിയമാണ്. അതുകൊണ്ടുതന്നെ പ്രസ്തുത മ്യൂസിയം നവീകരിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ പുരാവസ്തു വകുപ്പ് മുഖാന്തിരം സ്വീകരിച്ചിട്ടില്ല. പ്രസ്തുത |

| | | | |
|---|---|---|---|
| | | | മ്യൂസിയം പുനഃസജ്ജീകരിക്കുന്ന വിഷയത്തിൽ ബഹു. പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് മന്ത്രിക്ക് ലഭ്യമായിരുന്ന ഒരു നിവേദനത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23.02.2022 ന് ഒരു യോഗം ചേരുകയും, മ്യൂസിയം പുരാവസ്തുവകുപ്പിന് കൈമാറുന്നതിനുള്ള സാധ്യത പരിശോധിച്ചറിയിക്കുവാൻ പി.ആർ.ഡി. ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് 08.08.2022 ൽ കോഴിക്കോട് കോർപ്പറേഷൻ മേയറുടെ ചേമ്പറിൽ ബഹു. എം.എൽ.എ. ശ്രീ. തോട്ടത്തിൽ രവീന്ദ്രന്റെ അധ്യക്ഷതയിലും, ബഹു. പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ മ്യൂസിയം കൈമാറ്റം സംബന്ധിച്ച വിഷയത്തിലെ അന്തിമതീരുമാനം 19.08.2022 ന് ചേരുന്ന മ്യൂസിയം മാനേജ്മെന്റ് കമ്മിറ്റിയിൽ കൈക്കൊള്ളാമെന്നും തീരുമാനിച്ചിരുന്നെങ്കിലും, പ്രസ്തുത യോഗത്തിൽ മ്യൂസിയം കൈമാറ്റം സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ